# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2656 — 10.12.2014 ൽ മറുപടിക്ക്

### എച്ച്.എം.സി.യ്ക്ക് കീഴിൽ ജോലി ചെയ്ത് വന്നിരുന്ന 42 ജീവനക്കാരെ പിരിച്ച് വിട്ട നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി. സത്യൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ദീർഘകാലമായി എച്ച്.എം.സി.യ്ക്ക് കീഴിൽ ജോലി ചെയ്ത് വന്നിരുന്ന 42 ജീവനക്കാരെ പിരിച്ച് വിടാൻ എച്ച്.എം.സി. എടുത്ത തീരുമാനം ബഹു. ഹൈക്കോടതി സ്റ്റേ നല്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരെ പിരിച്ച് വിട്ട പുതിയ ആളുകളെ നിയമിക്കാനുള്ള കാരണം എന്തായിരുന്നു; വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേരെ നിയമിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) സർക്കാരിന്റെ 04.09.1999-ലെ 22694/എം3/99/ആകുവ നമ്പർ പ്രകാരമുള്ള സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്നത് പ്രകാരം കാലാകാലങ്ങളിലായി സംസ്ഥാനത്ത് നിലവിലുള്ള ചട്ടം അനുശാസിക്കുന്നതനുസരിച്ച് താത്കാലിക കാഷ്വൽ ജീവനക്കാരെയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാരെയോ നിശ്ചിത കാലയളവിനപ്പുറം സർവ്വീസിൽ തുടരുന്നതിന് അനുവദിക്കാൻ വ്യവസ്ഥയില്ല. കൂടാതെ വികസന സമിതികളുളിൽ തസ്തിക സൃഷ്ടിച്ച് കൊണ്ട് ഒരു സമാന്തര ഓഫീസ് സംവിധാനമായി അതിനെ മാറ്റുവാൻ കഴിയില്ലായെന്ന സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലാണ് കരാർ പ്രകാരമുള്ള 179 ദിവസത്തെ കാലാവധി പൂർത്തീകരിച്ച എച്ച്.ഡി.സി താല്കാലികമായി നിയമിച്ച ഈ ജീവനക്കാരെ 2014 മേയ് മാസം 9-ഉം, 10-ഉം തീയതി മുതൽ പിരിച്ച് വിട്ടത്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി |

വികസന സമിതി 06.09.2013-ൽ ഉത്തരവ് നം.എ5-99/12 പ്രകാരം 13 ജീവനക്കാരെ 179 ദിവസത്തേക്ക് ക്ലീനിങ്ങ് ജോലിക്കായി നിയമിച്ച് ഉത്തരവ് നല്കുകയും, അവരിൽ 12 പേർ ജോലിയിൽ പ്രവേശിച്ച് 179 ദിവസം പൂർത്തീകരിച്ച മുറയ്ക്ക് 24.03.2014-നും 25.03.2014-നും സേവനത്തിൽ നിന്നും വിടുതൽ നേടി പോയിട്ടുള്ളതുമാണ്.

(സി) പ്രസ്തുത ജീവനക്കാർ ബഹു. ഹൈക്കോടതിയിൽ പോയതിന്റെ പേരിൽ 42 ജീവനക്കാരെ പീഡിപ്പിക്കുകയും ഇവരെ ദിവസ വേതനക്കാരായിവെക്കുകയും, പുതിയ ആളുകൾക്ക് പ്രതിമാസ വേതനവും മറ്റാനുകൂല്യങ്ങളും നല്കി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അപാകത പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കാമോ?

(സി) ബഹു. കേരള ഹൈക്കോടതിയുടെ സ്റ്റേ നിലനില്ക്കുന്നത് കാരണം പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് പകരം പുതുതായി ജീവനക്കാരെ നിയമിച്ചിട്ടില്ല. ആശുപത്രി പ്രവർത്തനം തടസ്സപ്പെടാതിരിക്കാനായി, സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പുതുതായി ജീവനക്കാരെ നിയമിക്കപ്പെടുന്നതുവരെ, പിരിച്ചു വിടപ്പെട്ട ജീവനക്കാരെ കാഷ്വൽ ജീവനക്കാരായി മാത്രം നിലനിർത്തിയിരിക്കുകയാണ്. എല്ലാ വിഭാഗം ജീവനക്കാരെയും കരാർ പ്രകാരം കാഷ്വൽ ജീവനക്കാർ എന്ന നിലയ്ക്കും താൽക്കാലിക ദിവസ വേതനക്കാരായും മാത്രമാണ് പരിഗണിച്ചു വരുന്നത്. മുൻകാലങ്ങളിൽ ജോലി ചെയ്തു വന്നിരുന്ന 42 പേർക്കും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിയമിതരായ 12 പേർക്കും തുല്യ പരിഗണനയാണ് നല്കി വരുന്നത്. ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തവർക്കും എല്ലാ താൽക്കാലിക ജീവനക്കാർക്കും അല്ലാത്ത വരുമായ വികസന സമിതിയുടെ കീഴിലുള്ള ജീവനക്കാർക്കും അവരുടെ ആവശ്യ പ്രകാരം ദിവസ വേതന നിരക്കിൽ പ്രതിമാസമാണ് വേതനം നല്കി വരുന്നത്. ജീവനക്കാർ ബഹു. ഹൈക്കോടതിയിൽ പോയതിന്റെ പേരിൽ പീഡിപ്പിക്കുന്ന യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ